നം. എം. 1/93734/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി: 20.10.2016.
ഫോൺ: 0471 - 258 0595; msndpi@gmail.com

# സർക്കുലർ

വിഷയം : പൊ.വി.വ. - സ്പെഷ്യൽ സ്കൂൾ (എം.ആർ) - സംസ്ഥാന ഗ്രാന്റ് - തുക വിനിയോഗം - സംബന്ധിച്ച്.

സൂചന : 2015 -2016 ൽ അനുവദിച്ച ഗ്രാന്റ്.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ചു നൽകുന്ന ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച പരിശോധനയിൽ നിരവധി പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഗ്രാന്റ് തുക കൈപ്പറ്റുന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. തുടർന്നുള്ള പരിശോധനകളിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ നടത്തുന്ന ചെലവുകൾ അംഗീകരിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് പ്രാകരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1. ഹോണറേറിയം ഇനത്തിൽ ലഭ്യമാകുന്ന തുക അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക്ടി ഇനത്തിൽ തന്നെ നൽകുകയും ആയതിന്റെ അക്വിറ്റൻസ് പ്രത്യേകം സൂക്ഷിക്കേണ്ടതുമാണ്.
2. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകുന്ന തുക കേരള ഫിനാഷ്യൽ കോഡ് അനുശാസിക്കും വിധം നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് തന്നെ വിനിയോഗിക്കേണ്ടതാണ്. ക്വട്ടേഷൻ, ബില്ലുകൾ, വൗച്ചറുകൾ തുടങ്ങിയവ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
3. പർച്ചേസ് ഇനത്തിൽ നൽകുന്ന തുക വിനിയോഗിക്കുമ്പോൾ SP Rules പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.
4. മറ്റു ചിലവിനങ്ങൾക്ക് നൽകുന്ന തുകയും മേൽ ഖണ്ഡിക പ്രകാരം ചെലവഴിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.
5. ധനവിനിയോഗപത്രം കെ.എഫ്.സി. ഫോറം 44 ൽ തന്നെ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2016 -17 മുതൽ സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ് സർക്കാരിലെ മാർഗ്ഗ് നിർദ്ദേശമനുസരിച്ച് മാത്രം വിനിയോഗിക്കേണ്ടതും ആയത് പരിശോധനയ്ക്ക് ആവശ്യപ്പെടുന്നമുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ( സംസ്ഥാന ഗ്രാന്റ് കൈപ്പറ്റുന്ന എല്ലാ എൻ.ജി.ഒ. കൾക്കും സർക്കുലർ നൽകേണ്ടതാണ് എന്ന നിർദ്ദേശത്തോടെ)